# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/66/2018 — 2018 ഏപ്രിൽ 3

## പത്രക്കുറിപ്പ്

**എം.എ/എം.എസ്.സി./എം.കോം (പ്രൈവറ്റ്) പരീക്ഷാകേന്ദ്രങ്ങൾ**

നാളെ (ഏപ്രിൽ 5) ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ./എം.എസ്.സി./എം.കോം. പരീക്ഷാകേന്ദ്രം സംബന്ധിച്ച വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ ബന്ധപ്പെട്ട കേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റുകൾ വാങ്ങി തങ്ങൾക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാകേന്ദ്രത്തിൽ പരീക്ഷയെഴുതേണ്ടതാണ്.

**അപേക്ഷാ തീയതി**

അഞ്ചാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2015 അഡ്മിഷൻ റഗുലർ, 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 23ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും.

നാലാം വർഷ ബി.എസ്.സി. എം.എൽ.റ്റി. (2013 അഡ്മിഷൻ റഗുലർ & 2008 – 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

മൂന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി (2014 അഡ്മിഷൻ റഗുലർ/2008 – 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും.

രണ്ടാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം – 2015 അഡ്മിഷൻ & പഴയ സ്കീം – 2008 – 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷ മെയ് 7ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും.

ഒന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി (പുതിയ സ്കീം – 2015 അഡ്മിഷൻ സപ്ലിമെന്ററി & പഴയ സ്കീം – 2008 – 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

2018 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്.സി. ഇലക്ട്രോണിക്സ് (സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ റഗുലർ, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കലും പ്രോജക്ട് മൂല്യനിർണ്ണയവും ഏപ്രിൽ 9 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 13 വരെ അപേക്ഷിക്കാം.

**യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി. - നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം യൂണിവേഴ്സിറ്റി കാമ്പസിൽവച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2731025.

**ഹരിതകേരളം ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് അപേക്ഷകൾ ഏപ്രിൽ 10 വരെ**

മഹാത്മാഗാന്ധി  സർവ്വകലാശായിലെ ബിസിനസ്സ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർ സർവ്വകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ഹരിതകേരളം ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പിലേക്ക് ഏപ്രിൽ 10 വരെ അപേക്ഷകൾ സമർപ്പിക്കാം ജൈവ കൃഷി, മാലിന്യ നിർമ്മാജ്ജനം ജല സംരക്ഷണം ശുചിത്വം എന്നീ മേഖലകളിലെ സംരംഭകത്വാശായങ്ങളാണ് പരിഗണിക്കുക.  ശാസ്ത്ര സങ്കേതിക ധനകാര്യമാനേജ്മെന്റ് മേഖലകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരീശീലനം നൽകും വാണിജ്യ അടിസ്ഥാനത്തിൽ നേട്ടമുണ്ടാകുന്ന ആശയങ്ങളെ പേറ്റന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സഹായവും നൽകും.

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലേയും  അഫിലിയേറ്റഡ് കോളേജുകളിലേയും നിലവിലുള്ള വിദ്യാർത്ഥികൾക്കും കഴിഞ്ഞ മൂന്നു വർഷത്തിനകം പഠനം പൂർത്തിയായ പൂർവ്വ വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പിലേക്ക് അപേക്ഷകൾ സമർപ്പിക്കാം www.biic.org.in എന്ന വെബ്സെറ്റിൽ ഓൺലൈൻ ആയി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ജൈവ കാർഷിക ഫോട്ടോഗ്രഫി മത്സരം ഏപ്രിൽ 15 വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാല സംഘടിപ്പിക്കുന്ന ആഗോള ജൈവസംഗമത്തോടനുബന്ധിച്ച് കാർഷിക ഫോട്ടോഗ്രഫി മത്സരം നടത്തുന്നതാണ്. റഗുലർ കോളേജ് വിദ്യാർത്ഥികൾക്കും പ്രൈവറ്റ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. ഫോട്ടോകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കുന്നതിനും www.iucofsa.ac.in എന്ന വെബ്സൈറ്റ് കാണുക. അവസാന തീയതി: ഏപ്രിൽ 15.

**റിസർച്ച് ഫെലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ 'ഹൈബ്രിഡ് നാനോ പാർട്ടിക്കിൾസ് ഫോർ ബയോ മെഡിക്കൽ ആപ്ലിക്കേഷൻസ്' എന്ന വിഷയത്തിൽ റിസർച്ച് ഫെലോ ഒഴിവുണ്ട്. കെമിസ്ട്രി/മെറ്റീരിയൽ സയൻസ്/ലൈഫ് സയൻസിൽ എം.എസ്.സി. ബിരുദവും, യു.ജി.സി. - സി.എസ്.ഐ.ആർ./ഗേറ്റ് യോഗ്യതയുമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം ഡയറക്ടർ, ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം, കേരള - 686560 എന്ന വിലാസത്തിൽ ഏപ്രിൽ 20നകം അപേക്ഷിക്കണം. ഇമെയിൽ: cnnbioproject2018@gmail.com.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**